Santhigiri

ഗുരുവാണി

"നമുക്ക് നമ്മുടെ ജീവിതകാലംകൊണ്ട് നേടിയെടുക്കേണ്ട ധർമ്മത്തിനുതകുന്ന കർമ്മമെന്ത്? ആ കർമ്മത്തിൽ എത്ര തൂക്കത്തിൽ ത്യാഗമുണ്ട്? ആ ത്യാഗത്തിന് എന്ത് കഷ്ടതയുണ്ട്? ആ കഷ്ടത നമ്മൾ എങ്ങനെ അനുഭവിച്ചെടുക്കണം? കുറഞ്ഞപക്ഷം ഇത്രയെങ്കിലും നാം അറിഞ്ഞിരിക്കണം."

# ഉണ്മനിതകം

VOL 05 | ISSUE 29 | 2019 ജൂലൈ 21 | 1194 കർക്കിടകം 5

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# ശാന്തിഗിരി കർക്കിടക ചികിത്സാചരണത്തിന് തുടക്കമായി





*ശാന്തിഗിരി കർക്കിടക ചികിത്സാചരണം ദേശീയതല ഉദ്ഘാടനം കേന്ദ്രമന്ത്രി വി മുരളീധരനും (ഇടത്) സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ.ടി ജലീലും (വലത്) നിർവഹിക്കുന്നു*

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ രാജ്യമെമ്പാടും നടത്തുന്ന കർക്കിടക ചികിത്സാചരണത്തിന് തുടക്കമായി. വർഷകാലമായ കർക്കിടകത്തിൽ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ശാന്തിഗിരി ആയുർവേദ & സിദ്ധ ആശുപത്രികളിൽ വിവിധ രീതിയിലുള്ള ചികിത്സകൾ ലഭ്യമാണ്. കൂടാതെ ആരോഗ്യദായകവും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതുമായ ശാന്തിഗിരിയുടെ കർക്കിടക കഞ്ഞിക്കിറ്റും വിപണിയിലെത്തിയിട്ടുണ്ട്. ദേശീയതലത്തിലെ കർക്കിടക ചികിത്സാചരണത്തിന്റെ ഉദ്ഘാടനം കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ നിർവഹിച്ചു. സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി, ഡോ.കിരൺ എന്നിവർ പങ്കെടുത്തു.

കർക്കിടക ചികിത്സാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ.ടി.ജലീൽ നിർവ്വഹിച്ചു. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, എസ്. സേതുനാഥ്, ഹരീഷ്റാം, ജ്യോതി ഉദയഭാനു, സന്തോഷ് എൻ. തുടങ്ങിയവർ പങ്കെടുത്തു.

ആത്മീയദർശനങ്ങളുടെ മികച്ച കേന്ദ്രമായി മാറുന്നതിനോടൊപ്പം ശാന്തിഗിരി ആരോഗ്യമേഖലയിലും മികവ് പുലർത്തുന്നുവെന്ന് കൊല്ലം ജില്ലയിലെ കർക്കിടക ചികിത്സാചരണം ഉദ്ഘാടനം ചെയ്തു കൊണ്ട് എൻ.കെ.പ്രേമചന്ദ്രൻ എം.പി. പറഞ്ഞു.സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും സമത്വത്തിന്റേയും ദർശനങ്ങൾ ലോകത്തിന് സംഭാവന ചെയ്ത ഗുരു എളിയ രീതിയിൽ ആരംഭിച്ച ശാന്തിഗിരിയുടെ ആതുരസേവനരംഗം ഇന്ന് വൈദ്യശാസ്ത്ര മേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്നു. സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി, മുരളി ശ്രീധർ, ഡോ.ബി.രാജ്കുമാർ, ഹരീഷ്റാം, തുടങ്ങിയവർ സംബന്ധിച്ചു.

സാമൂഹിക പ്രതിബദ്ധതയുള്ള ശാന്തിഗിരിയുടെ മെഡിക്കൽ കോളേജുകൾ നാടിന് മാതൃകയാണെന്ന് പാലക്കാട് ജില്ല ചികിത്സാചരണം ഉദ്ഘാടനം ചെയ്തു കൊണ്ട് വി.കെ. ശ്രീകണ്ഠൻ എം.പി. അഭിപ്രായപ്പെട്ടു. സ്വാമി മധുശ്രീ ജ്ഞാനതപസ്വി പങ്കെടുത്തു. പാലക്കാട് വെസ്റ്റ്ഫോർട്ട് റോഡിലെ ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റലിൽ നടന്ന കർക്കിടക ചികിത്സാചരണം നഗരസഭ ഉപാധ്യക്ഷൻ സി.കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു.

ആലപ്പുഴ ജില്ലയിലെ ചികിത്സാചരണം മുൻ എം.എൽ.എ. എ.ഷുക്കൂർ നിർവ്വഹിച്ചു. കർക്കിടക ചികിത്സ നല്ല ആരോഗ്യത്തിന് പൂർവികർ പകർന്നുതന്ന നന്മയാണെന്ന് കോഴിക്കോട് ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് നടൻ നിർമ്മൽ പാലാഴി പറഞ്ഞു.

ആരോഗ്യത്തിന്റെ അതിജീവനമാണ് ആയുർവേദത്തിലൂടെ നടക്കുന്നതെന്ന് തൃശ്ശൂർ മേയർ അജിത വിജയൻ ജില്ല ചികിത്സാചരണം ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി പങ്കെടുത്തു. എറണാകുളം ജില്ല ഉദ്ഘാടനം സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ കെ.ലാൽജി നിർവ്വഹിച്ചു. ജനനി വിജയ ജ്ഞാനതപസ്വിനി, എം.കെ.സാനുമാസ്റ്റർ തുടങ്ങിയവർ സംബന്ധിച്ചു. ഇടുക്കി ജില്ല കർക്കിടക ചികിത്സാചരണം നഗരസഭാദ്ധ്യക്ഷൻ ജോയി വെട്ടിക്കുഴി നിർവ്വഹിച്ചു. കോട്ടയം ജില്ലാതല ഉദ്ഘാടനം നഗരസഭാദ്ധ്യക്ഷ ഡോ.പി. ആർ.സോന നിർവ്വഹിച്ചു. സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി പങ്കെടുത്തു. വയനാട് ജില്ലാതല ഉദ്ഘാടനം കൽപ്പറ്റ നഗരസഭ ചെയർപേഴ്സൺ സനിത ജഗദീഷ് നിർവഹിച്ചു.

ശാന്തിഗിരി കർക്കിടക ചികിത്സാചരണത്തിന്റെ ഭാഗമായി സൗജന്യമെഡിക്കൽ ക്യാമ്പ്, ഔഷധക്കഞ്ഞി വിതരണം, ആരോഗ്യബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കും.

## സമ്പൂർണ്ണ ഗുരുവാണി ഒന്നാംവാല്യം നവപൂജിതത്തിന് പ്രസിദ്ധീകരിക്കുന്നു

**സ്പിരിച്വൽ സോൺ:** സപ്തംബർ 3ന് നടക്കുന്ന 'നവപൂജിതം' ആഘോഷങ്ങളുടെ ഭാഗമായി, ശാന്തിഗിരി പബ്ലിക്കേഷൻസ് സമ്പൂർണ്ണ ഗുരുവാണിയുടെ ഒന്നാം വാല്യം പുറത്തിറക്കുന്നു. 1977 മുതൽ ശാന്തിഗിരി ആദ്ധ്യാത്മിക മാസികയിലും ജയന്തിപ്പതിപ്പുകളിലും പ്രസിദ്ധീകരിച്ച ഗുരുവാണികളുടെ സമാഹാരമാണ് അഞ്ഞൂറിലേറെ പേജുള്ള ഈ ബൃഹദ് ഗ്രന്ഥം.

700 രൂപയാണ് പുസ്തകത്തിന്റെ വില. നവപൂജിത ദിവസം ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിൽ ഇത് 500 രൂപയ്ക്ക് ലഭ്യമായിരിക്കും. താത്പര്യമുള്ളവർക്ക് 500 രൂപ മുൻകൂട്ടി അടച്ച് പുസ്തകം ബുക്ക് ചെയ്യാനും സൗകര്യമുണ്ടായിരിക്കും.

നവപൂജിതം ആഘോഷത്തോടനുബന്ധിച്ച് രാവിലെ ആശ്രമത്തിൽ നടക്കുന്ന പുസ്തകപ്രകാശന ചടങ്ങിന് ശേഷം രസീതുമായി കൗണ്ടറിൽ നിന്ന് പുസ്തകം വാങ്ങാനാകും.

ആരംഭകാലം തൊട്ടുള്ള അമൂല്യമായ ഗുരുവാണികളെല്ലാം സമാഹരിക്കാനുള്ള ശ്രമത്തിന്റെ ആദ്യപടിയാണ് ഒന്നാം വാല്യം. ഗുരുഭക്തരുടെ വളരെക്കാലത്തെ ആഗ്രഹത്തിന്റെ സാക്ഷാത്കാരമാണിത്. മറ്റു ഗുരുവാണികൾ തുടർന്നുള്ള വാല്യങ്ങളിൽ പ്രസിദ്ധീകരിക്കും.

നമ്മുടെ എല്ലാമായ ഗുരുവിന്റെ വാക്കുകൾ വായിക്കാനും, അറിയാനും മനസ്സിൽ സൂക്ഷിച്ചുവെക്കാനും സമ്പൂർണ്ണ ഗുരുവാണി സഹായകമായിരിക്കും.

ഗുരുവചനങ്ങളെ പിൻപറ്റിയുള്ള ജീവിതമാണ് പരമ്പരയുടെ അടിസ്ഥാനം. എക്കാലവും പരമ്പരയുടെ അടിസ്ഥാന പ്രമാണമായി ഗുരുവചനങ്ങൾ നിലനിൽക്കും. മാനവരാശിയുടെ നന്മയ്ക്കും നിലനിൽപ്പിനുമുള്ള ആധാരശിലയായി ശാന്തിഗിരി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന സമ്പൂർണ്ണ ഗുരുവാണി പരിണമിക്കും.



# ഗുരുവാണി

അജ്ഞതയിലാണ്ടുകിടക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ ഇവിടെയുണ്ട്. അവരെ അത്തരത്തിലങ്ങ് നയിക്കുന്നത് ഉചിതമായിരിക്കുകയില്ല. അവർക്ക് ഈ ലോകത്തെപ്പറ്റിയും ജീവിതത്തെപ്പറ്റിയുമൊക്കെ നല്ല ധാരണകൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയണം. വിമുഖത ഭാവിച്ച് അടഞ്ഞുകൂടിക്കഴിയാൻ ആഗ്രഹിക്കുന്നവരുടെ കാര്യമല്ല പറയുന്നത്. എന്താണ് ഈ മഹത്തായ ജീവിതമെന്നറിയാൻ വെമ്പൽ കൊള്ളുന്നവരെപ്പറ്റിയാണ് പറയാനുള്ളത്. അവർക്ക് ഒരു വെളിച്ചം കാണിച്ചുകൊടുത്താൽ സുഖകരമായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ സാധിക്കും. അതിനാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്.

അറിവ് അക്കൂട്ടരിലേക്ക് കടത്തിവിടുക എന്നുള്ളതാണ് ഇന്നത്തെ ആവശ്യം. അതിന് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാനാവും? കുറെ പുസ്തകങ്ങൾ കാണാതെ പഠിച്ചതുകൊണ്ട് കാര്യമുണ്ടെന്ന് തോന്നുന്നില്ല. നമ്മുടെ പുരാണങ്ങൾ കണ്ണുമടച്ചു ഉരുവിട്ടതുകൊണ്ട് അക്കാര്യം നേടാമെന്നും കരുതണ്ട, എന്നാൽ ഈ പുരാണങ്ങളിലും മറ്റും കൊടുത്തിട്ടുള്ള കഥകളും മറ്റും വേർതിരിച്ച്, വിവേചന ബുദ്ധിയോടെ അപഗ്രഥിച്ച് മനസ്സിലാക്കിയാൽ അതിൽ നിന്ന് പലതും ഗ്രഹിക്കാൻ കഴിയുന്നതാണ്. അങ്ങനെ വിവേചിച്ചറിയാനുള്ള ചിന്താഗതി രൂഢമൂലമാകുമ്പോൾ, മറ്റുള്ള പ്രശ്നങ്ങളെപ്പറ്റിയും കാര്യമാത്രപ്രസക്തമായി ചിന്തിക്കുവാനും പ്രവർത്തിക്കാനുമുള്ള കരുത്ത് നമ്മൾക്ക് സമാർജിക്കുവാൻ കഴിയുന്നതാണ്.

ഇന്നത്തെ യുവാക്കന്മാർ അതിൽ വിമുഖത കാട്ടുന്നു എന്നാണ് എന്റെ അഭിപ്രായം. അവർക്ക് നമ്മുടെ പഴകിയ സംസ്കാരത്തോട് അത്ര കണ്ട് പ്രതിപത്തിയില്ലെന്ന് തോന്നുന്നു. അതു ശരിയല്ല. ഇന്നലത്തെ കാര്യങ്ങൾ പഠിച്ചെങ്കിൽ മാത്രമേ നമ്മൾക്ക് ഇന്നത്തെ പ്രശ്നങ്ങളെ വിലയിരുത്താനാവൂ. അതുകൊണ്ട് നമ്മുടെ യുവജനങ്ങൾ അർപ്പണബുദ്ധിയോടെ നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെപ്പറ്റി ഒരൽപ്പം മനസ്സിലാക്കണം. എന്നിട്ട് അടുത്ത തലമുറയ്ക്ക് അതിന്റെ ചില അംശങ്ങൾ പകർന്നുകൊടുക്കണം. നല്ലതിനെ സ്വീകരിക്കുകയും തള്ളേണ്ടതിനെ തള്ളുകയും ചെയ്തുകൊള്ളും. അത് കാലത്തിന്റെ കരങ്ങൾക്ക് വിട്ടുകൊടുക്കുക.

ഏതു കാലത്തേയും അതിജീവിച്ചുകൊണ്ട് നിലനിൽക്കുന്നവയാണ് നമ്മുടെ പുരാണങ്ങളെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടല്ലോ. മഹാഭാരതവും രാമായണവും ഭാഗവതവുമൊക്കെ എത്രമാത്രം ശക്തിയാണ് പകർന്നുതന്നിട്ടുള്ളത്. വ്യാഖ്യാനി ച്ചാൽ തീരാത്തവണ്ണം അവയുടെ ആശയങ്ങൾ ഉണ്ടെന്നുള്ള വസ്തുത നമ്മൾക്കറിയാവുന്നതുമാണല്ലോ. ഇത് ആ മുനിശ്രേഷ്ഠൻമാർ എങ്ങനെ സാധിച്ചു. നമ്മുടെ സങ്കല്പത്തിൽ അവർ വനാന്തരങ്ങളിലും മറ്റുമിരുന്ന് കാട്ടിക്കൂട്ടിയ ഈ ചിന്താരത്നങ്ങൾ എന്തുമാത്രം വിപ്ലവമാണ് മനുഷ്യകുലത്തിന് ഉണ്ടാക്കിയിട്ടുള്ളത്. ഇതു മാത്രമാണോ? അവർ കടന്നുചെല്ലാത്ത മേഖലകളുണ്ടോ? അവർ പറയാത്ത കാര്യങ്ങളുണ്ടോ? അതേപ്പറ്റി നമ്മളാലോചിക്കുമ്പോൾ, ആ പാരമ്പര്യത്തിന്റെ ശക്തി നമ്മെ ആശ്ചര്യപ്പെടുത്തുന്നു. എങ്ങനെ അവർക്കതു കഴിഞ്ഞു എന്നുള്ളതല്ല; മറിച്ച് ആ ശക്തി എന്തായിരുന്നു എന്നറിയാനുള്ള അഭിവാഞ്ചയാണ് നമ്മെ നയിക്കുന്നത്.

ത്യാഗത്തിലൂടെ നേടിയെടുത്തതാണാ ശക്തിവിശേഷം. ആ ത്യാഗം എന്തായിരുന്നു എന്നറിയണമെങ്കിൽ, ആ ശക്തിവിശേഷം എന്താണെന്നറിയണമെങ്കിൽ കഴിഞ്ഞകാലങ്ങളിലേക്ക് നാമൊന്നു കണ്ണോടിക്കണം. ശ്രീബുദ്ധനും, ശങ്കരാചാര്യരും, നബി തിരുമേനിയും, യേശുക്രിസ്തുവുമൊക്കെ കൈവരിച്ച ആ ശക്തി എന്തായിരുന്നു? ഏതിലുമൊരു രാഷ്ട്രമീമാംസകന് ആ മഹാശക്തികളുടെ മുമ്പിൽ നിൽക്കാനാവുമോ? അവരുടെ കഴിവിന് സമീപത്തെത്താൻ അക്കൂട്ടർക്ക് കഴിയുമോ? കാരുണ്യത്തിന്റെ മൂർത്തിമദ്ഭാവമായ ശ്രീബുദ്ധനും ശാസ്ത്രത്തേയും ഉപനിഷത്തുക്കളേയും വിലയിരുത്തി മാർഗ്ഗദർശനം ചെയ്ത ശ്രീശങ്കരനും എന്തെന്തു മാറ്റങ്ങളാണ് മനുഷ്യസമൂഹത്തിനാകെ വരുത്തിയിട്ടുള്ളത്. അതിന്റെ ചെറിയ അംശമെങ്കിലും പ്രവർത്തിക്കുവാൻ മറ്റാർക്കെങ്കിലും ഇവിടെ കഴിഞ്ഞിട്ടുണ്ടോ? എന്തിന് ഈ വേദാന്തസാരങ്ങളൊക്കെ പഠിച്ചറിഞ്ഞ് വിശ്വാസമാകുന്ന മാർഗ്ഗത്തിലൂടെ തന്റെ ചുറ്റിലും കാണുന്ന ജനസമൂഹത്തെ നേർവഴിക്കു നയിച്ച ശ്രീനാരായണഗുരുവും കാലത്തിന്റെ മാറ്റംകൊണ്ട് അടിസ്ഥാനം തെറ്റിപ്പോയ വൈദീകമുറകളെ എടുത്തുകാണിച്ച്, ജനങ്ങളെ ഉണർത്തി വിട്ട ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ പകർന്നുതന്ന പാതയും, രാഷ്ട്രമീമാംസകരായി വിരാജിക്കുന്ന ഏതെങ്കിലും വ്യക്തികൾക്ക് മറികടന്നുവരാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ല എന്നുള്ളത് ഏവർക്കും അറിയാവുന്നതാണ്.

## വചനദീപ്തി

*സത്യം കണ്ടറിഞ്ഞിട്ടുള്ളതുകൊണ്ട് ഒരാത്മജ്ഞാനിക്ക്*
*അറിവിനെ ഉപദേശിച്ചുതരാൻ കഴിയും.*

**ശ്രീമദ് ഭഗവത്ഗീത**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

25.07.2019 – സ്നേഹപുരം, ശാന്തിപുരം, രത്നഗിരി

26.07.2019 – ആനന്ദപുരം

## യാമപ്രാർത്ഥന

2019 ജൂലൈ 25 : 9 PM- 12 AM

**പ്രകാശപഥം**

# ഗുരു സകലധർമാത്മാവ്

ഗുരു, ആ സാക്ഷിരൂപവും അതിന്റെ ചൈതന്യവിശേഷവും അനുഭവിച്ചറിയുന്ന നിമിഷാർദ്ധം; നമ്മൾ ഓരോരുത്തരും ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഇപ്പോഴല്ലെങ്കിൽ ഏതെങ്കിലുമൊരു യുഗാന്തരധർമത്തിൽ ഗുരുവിനോടടുത്തു കഴിഞ്ഞിട്ടുണ്ട് എന്നു നാം അറിയുന്നു. അങ്ങനെ ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ ദീർഘദർശിത്വത്തിലെ ജ്യോതിസ്വരൂപമാണ് നാം അനുഭവിച്ചറിയുന്ന ആ നിമിഷാർദ്ധം. ഗുരു സകലധർമാത്മാവായിരിക്കുന്നുവെന്ന് നാം അനുഭവം കൊണ്ടറിയുന്നു. ആ അനുഭവം ശിഷ്യൻ ഗുരുവുമായി പങ്കുവയ്ക്കുന്ന സ്വഭാവത്തിനാണ് നാം ഓരോരുത്തരും നമ്മുടെ കർമഗതിയെ ഗുരുവിങ്കലേക്കർപ്പിക്കുന്ന ഒരു ഘോഷയാത്രയുടെ സ്വഭാവത്തിൽ നാം ചെയ്യുന്നത്.

ഇതിനു മുമ്പും നാം അനവധി കുംഭമേളകൾ നടത്തിയിട്ടുണ്ട്. അല്ലെങ്കിൽ തന്റെ സങ്കല്പം ഇന്നതുപോലെ ഇരിക്കണം, അത് ഇന്നതായിരിക്കണം, അത് ഇന്നതുപോലെ ചെയ്താൽ ദൈവാനുഗ്രഹം ഉണ്ടാകും അല്ലെങ്കിൽ കൃപാകടാക്ഷം ഉണ്ടാകും എന്ന് ബ്രഹ്മത്തിൽ നിന്നൊരറിയിപ്പുണ്ട്. ആ അറിയിപ്പ് സാക്ഷാത്കരിക്കുന്ന സ്വഭാവമാണ് 'സങ്കൽപമാത്രേണ പരമേശ്വരഃ' എന്ന സ്വഭാവത്തിൽ 'ഗുരുപൂജ' എന്നു നാം പറയുന്ന ആ കർമത്തിന്റെ വലിപ്പം നിഗൂഢവും എന്നാൽ ആ നിഗൂഢരഹസ്യങ്ങളിലേക്ക് നീങ്ങുമ്പോൾ താനും ഗുരുവുമായി പങ്കുവയ്ക്കുന്ന ആത്മീയാനുഭവങ്ങളെ അളക്കാനും അല്ലെങ്കിൽ ആ അളവ് മനുഷ്യചേതനയുമായിട്ടു പങ്കുവയ്ക്കാനും കഴിയാത്ത നിമിഷാർദ്ധമായി അത് മാറുന്നു. അങ്ങനെ ഗുരുവും ശിഷ്യനും ഭക്തിയുടെ സാന്ദ്രതയിലേക്കു പോയിട്ട് ഒരു ദേവനോ ദേവിയോ ഋഷിയോ ജ്ഞാനിയോ ഭക്തനോ സന്ന്യാസിയോ ആരോ ആകട്ടെ ഏതെല്ലാം സന്നിധാനങ്ങൾ കടന്നു വരുന്നു, ആ സന്നിധാനങ്ങൾ കണ്ടിട്ട് ഈ ഗുരുവിന്റെ ദീർഘദർശിത്വസ്വഭാവമുള്ള ഏതു മണ്ഡലത്തിലെ പ്രകാശരൂപം കൊണ്ടാണ് ഈ വിശ്വസിക്കുന്ന വകയെ പൊട്ടിക്കുന്നതെന്ന് അനുഭവസാക്ഷിയായിത്തീരണം.

ആ അനുഭവസാക്ഷിത്വമാണ് ശാന്തിഗിരിയുടെ ഉദ്ദേശ്യവും ലക്ഷ്യവും ഗുരുപൂജയും. ആ ഗുരുപൂജയുടെ നിർമ്മലസ്വഭാവം പിന്നെ തന്റെ ജീവൻമുക്തിയിലേക്കും വഴിതെളിക്കും.

ഒരു സംഭവം, ഞാൻ എന്റെ രക്ഷാകർത്താക്കളും ഗുരുവിന്റെ മക്കളുമായിരിക്കുന്ന അവകാശപ്പെട്ട ഓരോരുത്തരോടും പങ്കുവയ്ക്കാൻ എനിക്ക് ഈ നിമിഷം തോന്നുന്നു. കാരണം ഈ കുംഭമേള എന്നു പറയുന്ന ഈ സുദിനം ഏതെല്ലാം സന്നിധാനങ്ങൾ കടന്നാണ് ഗുരുവിന് ഈ ജന്മത്തു തന്നെ ബ്രഹ്മനിശ്ചയത്തിന്റെ ഉദ്ദേശ്യലക്ഷ്യം സാക്ഷാത്കരിക്കുവാൻ വേണ്ടി അറിയിപ്പായി ക്കിട്ടിയത്. 'ഞാൻ യുഗാന്തരങ്ങളായി ആഗ്രഹിച്ച കാര്യം ഇന്ന് നടപ്പിലായി' എന്ന് ഒരു ദിവസം 5 മണിക്ക് 5 മിനുട്ട് ഉള്ളപ്പോൾ ബ്രഹ്മപ്രകാശത്തിൽ നിന്ന് കിട്ടുന്ന ഒരു വാക്കാണ്. അന്ന് ഗുരു നമ്മളോരോരുത്തരോടും പറഞ്ഞു, 'ഇതെന്താണെന്ന് നിങ്ങളോരോരുത്തരും പോയി നോക്കണം, നിങ്ങൾക്ക് എന്തുകിട്ടുന്നു എന്നറിയട്ടെ'.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ലോകരക്ഷയുടെ മാർഗ്ഗം

ലോകത്തിന്റെ കർമരംഗത്താകെ ഇന്നു തീപിടിച്ചപോലുള്ള ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു. അനിയന്ത്രിതമായി സ്ഫോടകശക്തിയിലൂടെ വമ്പിച്ച അപകടങ്ങൾ വരുത്തുന്ന അഗ്നി. ഏതോ സാമൂഹ്യപരിവർത്തന ശാസ്ത്രങ്ങൾ അഥവാ തത്വശാസ്ത്രങ്ങൾ ഈ അഗ്നിയുടെ അനന്തമായ വളർച്ചയ്ക്ക് അറിഞ്ഞോ അറിയാതെയോ കാരണഭൂതമായി വർത്തിക്കുന്നു. സാധാരണഗതിയിൽ ഈ അനിവാര്യമായ ഭീഷണിയെ അതിജീവിക്കലോ അതിൽ നിന്നുള്ള ഒരു രക്ഷപ്പെടലോ ക്ഷിപ്രസാദ്ധ്യമല്ല. ഭൗതികമാത്രമായ വീക്ഷണത്തിലൂടെ ആത്മാവിന്റെ നിലനിൽപിന്റെ മഹാമന്ത്രങ്ങൾ ഉരുക്കഴിക്കാൻ തയാറാകുന്നതിലൂടെ ഈ സിദ്ധാന്തങ്ങൾ കാലത്തിന്റെ അനിവാര്യവും അനുസ്യൂതവുമായ മാറ്റങ്ങളെയല്ലേ അവമതിക്കുന്നത്? അതീതകാലം തൊട്ട് ഉച്ചനീചത്വാദി വിഭാഗീയ കർമങ്ങളുടെ സമസ്തശക്തിയും ആവാഹിച്ചു മനുഷ്യനെ പരസ്പരം അകറ്റി നിറുത്തിപ്പോരുകയാണല്ലോ. അതേ കർമശക്തിയെത്തന്നെ പുതിയ സിദ്ധാന്തക്കുപ്പികളിൽ നിറച്ച് ജനങ്ങളുടെ അതേ പരമ്പരയിൽ പകർന്നു നൃശംസനീതികൾ സൃഷ്ടിക്കുമ്പോഴും സാമൂഹ്യപ്രതിബദ്ധതയെന്ന മോഹനമുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്നതാണു ഏറെ വിചിത്രം.

സമകാലികമായ എത്രയെത്ര ഉദാഹരണങ്ങൾ. രാഷ്ട്രമീമാംസയുടെ യഥാതഥമായ അവബോധം നൽകാതെ പൗരന്മാരെ സാമൂഹ്യപ്രതിബദ്ധതയിൽ നിന്നും അകറ്റിനിർത്തുന്നതാണ് ഈ ഇനത്തിൽ മുഖ്യമായത്. ഇതു ദേശീയമെന്നല്ല, അന്തർദേശീയവുമായ വിപത്തായിട്ടു തന്നെ എണ്ണേണ്ടതാണ്. പൊതുജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ ഭാഗത്ത് തെറ്റായ കണക്കുകൂട്ടലുകൾ ഒരുപക്ഷേ വന്നുപോയാൽത്തന്നെ ഭരണകൂടത്തിന്റെ ഭാഗത്ത് അതുണ്ടാകുന്നത് അഭിലഷണീയമല്ല. ഒരു ജനാധിപത്യ ഭരണകൂടത്തിനെതിരായി ആരോപണമുന്നയിക്കുക എന്നത് ആ രാജ്യത്തിലെ പൗരന്റെ മൗലികവും സ്വാഭാവികവുമായ അവകാശമാണ്. അഭിപ്രായ അസ്വാതന്ത്ര്യത്തിന്റെ പേരിലോ പ്രതിവിപ്ലവത്തിന്റെ പരിവേഷം നൽകിയോ നിഷ്ഠുരമാംവിധം സൈനിക നടപടികൾ പോലുള്ള നേരിടൽ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നത് എന്തിന്റെ പേരിലായാലും ക്രൂരത തന്നെയാണ്. രാഷ്ട്രങ്ങൾ പരസ്പരമുള്ള നിതാന്തശത്രുതയാണു മറ്റൊരു കാരണം. ഈ ശത്രുതയ്ക്ക് പരമനിദാനം സ്പർദ്ധ എന്നതിലുപരി, വിദേശ നയബന്ധങ്ങളിലുള്ള വികലതയാണ്. രാജ്യത്തെ ഭരണനേതൃത്വവും ഉപദേശകസമിതികളും തമ്മിൽ സൃഷ്ടിപരമായ ധാരണ ഇല്ലാത്തതാണ് മറ്റൊരു പ്രശ്നം. ദേശീയവും വിദേശീയവുമായ നയനിർവഹണ തലങ്ങൾ വികലമാവുന്നത് അതുകൊണ്ടാണ്.

ഇതിലൊക്കെ ഉപരിയായി മറ്റൊരു കാര്യമുണ്ട്. ഭരണനേതൃത്വം കൈയാളേണ്ടത് പക്വതയും തൃപ്തിയും ആർദ്രതയുമുള്ള മനസ്സിന്റെ ഉടമകൾ തന്നെയായിരിക്കണം. വേദശാസ്ത്രങ്ങൾക്കും അപ്പുറത്തുള്ള ശാസ്ത്രങ്ങളെ പ്രയോഗപദ്ധതികളാക്കുന്ന രീതിയാണു ഭരണക്രമം എന്ന ചിന്തയായിരിക്കണം ഭരണാധികാരികളെ നയിക്കേണ്ടത്. അതിനുതകുന്ന ഒരാശയം കണ്ടെത്തലായിരിക്കണം ഭരണാധികാരികളുടെ ധാർമിക ഉത്തരവാദിത്വം. പ്രതിബന്ധങ്ങൾ നേരിടുമ്പോൾ അപകടകരമാംവണ്ണം ക്ഷുഭിതമാകുന്നതും ശത്രുസംഹാരാദി പ്രതികാര നടപടികൾ സ്വീകരിക്കുന്നതും ഭരണാധികാരിക്കു ഭൂഷണമല്ല.

ഈശ്വരാരാധനാസ്വാതന്ത്ര്യവും സാമൂഹ്യനീതിയുമില്ലാതെ ഇടങ്ങഴി നെല്ലിനുവേണ്ടി തമ്പുരാക്കന്മാരുടെ അടിമകളായി വേല ചെയ്തു ജീവിച്ച പാരമ്പര്യത്തിൽ നിന്നും ഭരണപാരമ്പര്യത്തിലേക്ക് ഈശ്വരഗത്യാ ഉയർത്തപ്പെട്ടിട്ടും ആ പഴയ സംസ്കാരം പുലർത്തി മുകളിലോട്ടു നോക്കിയേ ഭരിക്കൂ എന്നു വന്നാലെന്തു ചെയ്യും? കാലോചിതമായ ആരാധനയും രാഷ്ട്രീയാവബോധവും സംസ്കാരവും ആത്മബോധവും സദാ പ്രദാനം ചെയ്യാൻ ഭരണാശയത്തിനു ധാർമിക ബാദ്ധ്യതയുണ്ട്. രാഷ്ട്രമീമാംസയും ആത്മബോധവും തജ്ജന്യമായ സംസ്കാരവും സമന്വയിച്ചു നിൽക്കുന്ന, യുഗധർമ്മത്തിന്റെ നിവാരണ സാക്ഷാത്കാരമായി എണ്ണാവുന്ന ആ വിമോചനാശയം മാത്രമാണു ലോകരക്ഷയുടെ മാർഗ്ഗം.

# ഗുരുവിന്റെ ജലസംരക്ഷണ വീക്ഷണം തൊട്ടറിഞ്ഞ് അദ്ധ്യാപകർ

**ശാന്തിഗിരി മീഡിയാറിലേഷൻസ്**



*കരുണ ശുദ്ധജലം സന്ദർശിച്ച എൻജിനീയറിംഗ് കോളേജ് അദ്ധ്യാപകർ ആശ്രമം പ്രതിനിധികളോടൊപ്പം*

43 വർഷം മുൻപ് നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ സങ്കല്പവും ദീർഘവീക്ഷണവുമാണ് ശാന്തിഗിരി ആശ്രമത്തിന് മുന്നിൽ കാണുന്ന കരുണ ശുദ്ധജലപദ്ധതി. ഇന്ന് ഈ ജീവജല സംഭരണി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പഠനവിഷയമാണ്. 'ഇതൊരു മഹത്തായ സംവിധാനമാണ്. വിശാലമായ ആശ്രമ പരിസരത്ത് ഇത്രയും ദീർഘവീക്ഷണത്തോടെ ജലസംരക്ഷണ സംവിധാനം തയ്യാറാക്കിയെടുക്കുക എന്നത് ഒരു വലിയ ഉദ്യമമാണ്. ജലസുഭിക്ഷതയിൽ ആറാടുന്ന കാലത്ത്, ജലദൗർലഭ്യം എന്ന വാക്കുപോലും ചിന്തിക്കാത്ത കാലത്ത് നാൽപ്പത് വർഷം മുൻപ് ഇത്തരത്തിൽ മഴവെള്ളത്തെ ഒലിച്ചുപോകാൻ അനുവദിക്കാതെ സംരക്ഷിക്കുക, അതിന് പ്രകൃതിജന്യമായ സംഭരണി ഉപയോഗിക്കുക എന്നതൊക്കെ പഠനവിഷയം തന്നെയാണ്. കോളേജ് സ്ക്കൂൾ കാമ്പസുകളിൽ മഴവെള്ളസംഭരണ പദ്ധതികൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ ശാന്തിഗിരിയുടെ കരുണ ശുദ്ധജല പദ്ധതിയും ജലസംരക്ഷണ പ്രവർത്തനങ്ങളും ഞങ്ങൾക്ക് വഴികാട്ടിയാകും, തീർച്ച.' ഇതുപറയുന്നത് പുതുതലമുറക്കാരി യുവഅദ്ധ്യാപിക ലക്ഷ്മി എസ്. ഷാജി. കൊല്ലം ടി.കെ.എം. എൻജിനീയറിംഗ് കോളേജിലെ ആർക്കിടെക്ട് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ലക്ഷ്മിയ്ക്കൊപ്പം ഒരുസംഘം അദ്ധ്യാപകർ ശാന്തിഗിരിയുടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ കണ്ട് പഠിക്കാനെത്തി. ജൂലൈ 17 ബുധനാഴ്ച രാവിലെ ആശ്രമത്തിലെത്തിയ 25 പേരടങ്ങുന്ന സംഘത്തിന് ആശ്രമത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി വിശദീകരണം നൽകി.സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽരാവിലെനടന്നയോഗത്തിൽ സീനിയർ ജനറൽ മാനേജർ ടി.കെ.ഉണ്ണികൃഷ്ണ പ്രസാദ് അദ്ധ്യക്ഷനായിരുന്നു. പബ്ലിക് റിലേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ എം.പി.പ്രമോദ് സ്വാഗതം പറഞ്ഞു. പ്രോജക്ട് മാനേജർ എസ്. ശ്രീകുമാർ, ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റ് ഇലക്ട്രിക്കൽ വിഭാഗം ഡെപ്യൂട്ടി മാനേജർ എസ്. സന്തോഷ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. അദ്ധ്യാപക സംഘം കോളേജിലെ ഫാക്കൽറ്റി ഡെവലപ്മെന്റ് പരിപാടിയുടെ ഭാഗമായാണ് ശാന്തിരിയിലെത്തിയത്.

നാൽപ്പതു വർഷങ്ങൾക്ക് മുൻപ് മഴവെള്ളത്തെ മണ്ണിലേക്ക് ആഴ്ത്തണമെന്ന ആശയം ഉണ്ടായത് മഹത്തായ ആത്മീയ ജ്ഞാനത്തിനാലാണെന്ന ബോധ്യമാണ് മിക്കവരിലും ജനിച്ചത്. മേൽക്കൂരകളിലേയും പരിസരത്തേയും മഴവെള്ളത്തെ ഒഴുക്കികളയരുതെന്നും അതിനെയെല്ലാം ആശ്രമപരിസരത്തുതന്നെ കുഴികുത്തി ഇറക്കണമെന്നും ഗുരു ശിഷ്യരെ പഠിപ്പിച്ചു എന്ന അറിവ്, ഇളംതലമുറയിൽപ്പെട്ട അദ്ധ്യാപകരിൽ ആശ്രമത്തെക്കുറിച്ചും ഗുരുവിനെക്കുറിച്ചും ഏറെ മതിപ്പുളവാക്കി. കൊല്ലത്തുനിന്നുള്ള ഭക്തന്മാരാണ് അവധി ദിവസങ്ങളിലും മറ്റുദിവസങ്ങളിലുമായി വന്ന് ഗുരുവിന്റെ നിർദ്ദേശപ്രകാരം ആശ്രമപരിസരത്ത് നിരവധി കുഴികൾ കുത്തിയത്. ശരീരാദ്ധ്വാനം മാത്രം ഉപയോഗിച്ചാണ് പത്ത് പന്ത്രണ്ട് അടി താഴ്ചയിൽ കുഴികൾ എടുത്തത്. ഇന്ന് ഇത്തരം കുഴികളെ മഴക്കുഴികളായി സർക്കാർ തന്നെ അംഗീകരിച്ചുകഴിഞ്ഞു. മാത്രമല്ല റയിൻ ഹാർവെസ്റ്റിംഗ് പിറ്റുകൾ എന്നാണ് മഴക്കുഴികൾക്കുള്ള ഔദ്യോഗിക നാമം. ഇന്ന് ഇത്തരത്തിൽ ഇതംഗീകരിക്കപ്പെടും എന്ന് അന്നുതന്നെ ഒരാളിന് കാണാൻ കഴിഞ്ഞുവെങ്കിൽ അത് വരാൻപോകുന്ന ഭവിഷത്തുകളെ മുൻകൂട്ടി കാണാനും അതിന്റെ പരിഹാരമായി ലോകനന്മയ്ക്കായി പുത്തൻ ആശയങ്ങൾ രൂപപ്പെടുത്തി എടുക്കാനുമാകുന്നതാരോഅത് ഗുരുവല്ലാതെ മറ്റാരുമാകില്ലെന്ന അഭിപ്രായം തന്നെയാണ് ടീം ലീഡറായ ലക്ഷ്മി എസ് ഷാജിക്കുള്ളത്.

ആശ്രമ പരിസരത്തുണ്ടായിരുന്ന ഒരു ക്വാറിയെ മിനി ഡാം ആയി സെറ്റ് ചെയ്ത് മഴവെള്ള സംഭരണിയായി രൂപാന്തരപ്പെടുത്തിയതാണ് അസിസ്റ്റന്റ് പ്രൊഫസറായ കെ.സംഗീതിനെ ആകർഷിച്ചത്. എന്നാൽ വെറും ജലസംരക്ഷണം മാത്രമായിരിക്കില്ല ആശ്രമപരിസരത്തെ വൃക്ഷലതാദികളെ സംരക്ഷിച്ച് പച്ചപ്പ് നിലനിർത്തുക എന്ന ലക്ഷ്യം കൂടിഗുരുവിന്റെ കാഴ്ചപ്പാടായിരുന്നിരിക്കണം എന്നതാണ് മീരജി.മോഹന്റെ വിലയിരുത്തൽ.അത് തികച്ചും ശരിയാണെന്ന് കൂടെയുണ്ടായിരുന്ന എം.പി.പ്രമോദ് പറഞ്ഞപ്പോൾ നൂറനാട് ശ്രീബുദ്ധ എൻജിനീയറിംഗ് കോളേജിലെ സിവിൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ മീരയുടെ മുഖം തെളിഞ്ഞു. അദ്ധ്യാപകസംഘത്തിലുണ്ടായിരുന്ന ദമ്പതികളാണ് സംഗീതും മീരയും.ആശ്രമത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ അറിഞ്ഞതിനൊപ്പം ഇവിടെ സ്ക്കൂൾ കുട്ടികളെ കൊണ്ട് വന്ന് കാണിക്കാൻ അനുവദിക്കുമോ എന്നൊരു സംശയം. കാരണം ശാന്തമായ ഈആശ്രമാന്തരീക്ഷത്തിൽ കുട്ടികൾ വന്ന് ബഹളം ഉണ്ടാക്കിയാലോ എന്ന ആശങ്കയാണ് മീരയിൽ സംശയം ഉണ്ടാക്കിയത്. സ്ക്കൂൾ വിനോദയാത്രയുടെ ഭാഗമായി കുട്ടികൾ ആശ്രമം സന്ദർശിക്കാറുണ്ടെന്ന് കേട്ടപ്പോൾ മീരയുടെ മുഖം ഒന്നുകൂടി തെളിഞ്ഞു.

ശാന്തിഗിരിയിലെ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റത്തെക്കുറിച്ച് പഠിക്കാനെത്തുന്ന നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളും സന്നദ്ധസംഘടനകളും അദ്ധ്യാപക വിദ്യാർത്ഥികളും ഇതിനെ വിശാലമായ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും അനുകരിക്കുകയും ചെയ്യുന്നുണ്ട്. ആശ്രമ പരിസരത്തുണ്ടായിരുന്ന രണ്ട് ക്വാറികളെ മിനി ഡാം ആയി സെറ്റ് ചെയ്ത് മഴവെള്ളം സംഭരിക്കുന്നു. മൈതാനത്തിന് സമീപമുള്ള വലിയ സംഭരണിയ്ക്ക് 5 ബില്ല്യൺ ലിറ്റർ വെള്ളം സംഭരിക്കാനുള്ളശേഷിയുണ്ട്. 1999 സെപ്തംബർ 12 നായിരുന്നു ആശ്രമത്തിന് മുന്നിലുള്ള കരുണശുദ്ധജലം മഴവെള്ള സംഭരണി ഉദ്ഘാടനം. ഹഡ്കോയുടെ സഹായത്തോടെയാണ് സംഭരണി നിർമ്മിച്ചത്. 52.2ലക്ഷം രൂപയാണ് നിർമ്മാണത്തിനായി ചെലവായത്. ഇതിൽ 25.2 ലക്ഷം രൂപ ഹഡ്കോ സഹായധനമായി നൽകി. ബാക്കി തൊഴിൽ രൂപത്തിലും അല്ലാതെയും ആശ്രമം സംഭരിച്ചതാണ്. മഴവെള്ളം ശേഖരിക്കുന്നതിനുള്ള ആദ്യത്തെ പ്രോജക്ട് എന്ന നിലയിൽ 1999ൽ ഹഡ്കോയുടെ അവാർഡും ലഭിച്ചിട്ടുണ്ട്. 2018ൽ ദേശീയ ജലവിഭവ വകുപ്പിന്റെ ജലസുരക്ഷാ അവാർഡിനും കരുണ ശുദ്ധജല പദ്ധതി അർഹമായി.

'വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം' കരുണാശുദ്ധജല സംഭരണിക്ക് മുന്നിലെ ഈ മന്ത്രം പഠിക്കാനെത്തിയവരെ വല്ലാതെ ആകർഷിച്ചു. വന്നവർ അതുവായിച്ചിട്ട് പരസ്പരം ചർച്ചചെയ്യുകയും അരവരുടേതായ അറിവും ശൈലിയുമനുസരിച്ച് വ്യാഖ്യാനിക്കുകയും ചെയ്തു. അപ്പോഴും ആശ്രമപരിസരത്ത് പെയ്യുന്ന മഴ, കുഴികൾ നിറഞ്ഞു കവിഞ്ഞ് വെള്ള സംഭരണിയിൽ പൈപ്പുകൾ വഴി വീണുകൊണ്ടിരുന്നു.

---

ഗുരുചരണം ശരണം

## ഗുരുകാരുണ്യത്തിന്റെ നിറവിൽ ജൂലൈ 15ന് സപ്തതിയിലെത്തിയ ഊർമ്മിള കാശിനാഥ്



**പ്രാർത്ഥനയോടെ**

**മക്കൾ: പ്രസാദ് എം.കാശിനാഥ്, ലക്ഷ്മി, ശ്രീകല.**

**മരുമക്കൾ : രമ്യ കെ.ബി., ഋഷികേശ് ആലുങ്കൽ, സന്തോഷ് കെ.ടി.**

**ചെറുമക്കൾ : ഗുരുചിന്തനൻ സി.പി., അനൂബ് എ.ആർ., സത്യചിത് എ.ആർ., ബ്രഹ്മദത്തൻ കെ.എസ്., നിത്യചന്ദ്രൻ കെ.എസ്.**

---

## ദിവംഗതരായി



*അഡ്വ.കെ.രവീന്ദ്രൻ*

**ആറ്റിങ്ങൽ :** ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി അഡീഷണൽ ജനറൽ കൺവീനറും ആറ്റിങ്ങൽ ബാർ അസോസിയേഷനിലെ സീനിയർ അഭിഭാഷകനുമായ കാരേറ്റ് പേടികുളം പ്ലാവോട് കുന്നുവിള വീട്ടിൽ അഡ്വ.കെ. രവീന്ദ്രൻ (72) ജൂലൈ 17ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ : ദിവംഗതയായ രാധാമണി എസ്. മക്കൾ :ശാന്തിനി രവീന്ദ്രൻ, മേദിനി രവീന്ദ്രൻ. മരുമക്കൾ : മഹേഷ്, റിജോഷ്.



*വാസുദേവൻ.എം*

**ആലപ്പുഴ:** അന്ധകാരനഴി മാധവനിവാസിൽ വാസുദേവൻ.എം (80) ജൂലൈ 20ന് ദിവംഗതനായി. സംസ്ക്കാരം ഇന്ന് രാവിലെ 9 മണിക്ക്. ഭാര്യ : നളിനി. മക്കൾ: നിതിൻദേവ് എം.വി (എസ്.എ.വി.), വരുൺദേവ്. എം.വി (എഫ്.ജി. സ്റ്റോഴ്സ്, എസ്.എ.വി.), മരുമകൾ : സൽജുഷ(ടീച്ചർ, എസ്.വി. ബി.എസ്.എസ്.എസ്).



*വി.എസ്.രാധമ്മ*

**കോട്ടയം :** കൂരോപ്പട മാടപ്പാട് വേലംപറമ്പിൽ വി.എസ്. രാധമ്മ (68) ജൂലൈ 14ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് : വി.എസ്. വേലായുധൻ. മക്കൾ : പ്രവീൺ വി.കുമാർ, ഡോ.പ്രീതി മോൾ. മരുമക്കൾ : അനു എം.എം.(ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം), നിഷ രവി.



ശാന്തിഗിരി വിദ്യാഭവനിലെ മധുരം മലയാളം പദ്ധതി
സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

# ശാന്തിഗിരി വിദ്യാഭവനിൽ മധുരം മലയാളം പദ്ധതി

**എജ്യൂക്കേഷൻ സോൺ :** കുട്ടികളിൽ പത്രവായന പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള മാതൃഭൂമിയുടെ സംരംഭമായ മധുരം മലയാളം പദ്ധതിക്ക് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ ജൂലൈ 11ന് തുടക്കമായി. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി വിദ്യാർത്ഥി പ്രതിനിധിക്ക് പത്രം നൽകി ഉദ്ഘാടനം നിർവ്വഹിച്ചു.

നാലാഞ്ചിറ സ്റ്റെപ്പ് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന മഡോണ ഫാഷൻ ഡിസൈനേഴ്സ് & സ്റ്റിച്ചിംഗ് സെന്റർ മാനേജിംഗ് ഡയറക്ടർ ശീതൾ ജെ. മേലേറ്റ് ആണ് പത്രം സംഭാവന ചെയ്തത്. സ്കൂൾ പ്രിൻസിപ്പാൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, അദ്ധ്യാപിക ബിന്ദു നന്ദന, അനൂപ് എൻ.ആർ., വിമൽ കുമാർ വി. തുടങ്ങിയവർ പങ്കെടുത്തു.

# ശാന്തിഗിരി ഇൻഫർമേഷൻ ടെക്നോളജി ഡിവിഷൻ ആരംഭിച്ചു

**സ്പിരിച്വൽ സോൺ :** ആശ്രമം ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിൽ ശാന്തിഗിരി ഇൻഫർമേഷൻ ടെക്നോളജി എന്ന പേരിൽ പുതിയ ഡിവിഷൻ ആരംഭിച്ചു. വെബ് ഡിസൈൻ & ഡെവലപ്മെന്റ്, ശാന്തിഗിരി ഇൻഫർമേഷൻ സിസ്റ്റം, ശാന്തിഗിരി ഇ-കൊമേഴ്സ്, ഡിജിറ്റൽ മീഡിയ പ്രമോഷൻസ്, കസ്റ്റമർ കെയർ സെക്ഷൻ, ഡാറ്റാബേസ് മാനേജ്മെന്റ്, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്,ശാന്തിഗിരി ആർക്കൈവ്സ് തുടങ്ങിയ വിഭാഗങ്ങൾ പ്രസ്തുത ഡിവിഷന്റെ ചുമതലയിൽ ഉണ്ടായിരിക്കും.



ആയുഷ് ചികിത്സാ വികസനത്തെക്കുറിച്ച്
അമർ പട്നായിക്ക് രാജ്യസഭയിൽ സംസാരിക്കുന്നു

# ആരോഗ്യടൂറിസം മേഖലയിൽ ശാന്തിഗിരി മാതൃക : അമർ പട്നായിക്ക്

**ന്യൂഡൽഹി :** കേരളത്തിലെ ശാന്തിഗിരി, കോട്ടയ്ക്കൽ പോലുള്ള സ്ഥാപനങ്ങൾ ആരോഗ്യടൂറിസം മേഖലയിൽ വലിയമുന്നേറ്റമാണ് നടത്തിയിരിക്കുന്നതെന്ന് ഒറീസയിൽ നിന്നുള്ള എം.പി അമർ പട്നായിക്ക് രാജ്യസഭയിൽ പറഞ്ഞു. തനിക്ക് ഇക്കാര്യം നേരിട്ട് അറിവുള്ളതാണ്. അനവധി വിദേശ സഞ്ചാരികൾ പ്രത്യേക കാലഘട്ടത്തിൽ കേരളത്തിൽ ചികിത്സതേടി എത്തുന്നു. ഇക്കാര്യം കൂടി പരിഗണിച്ച് കേന്ദ്ര ബജറ്റിൽ ആയുഷ് വിഭാഗത്തിന് കൂടുതൽ തുക വകയിരുത്തണമെന്നും അദ്ദേഹം പറഞ്ഞു. വിവിധ ആരോഗ്യസമ്പ്രദായങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ചികിത്സാരീതിക്ക് കേരളം മാതൃകയാണ്. രാജ്യമെമ്പാടും ഈ ചികിത്സാരീതി വ്യാപിപ്പിക്കണമെന്നും അതിനായി യൂണിവേഴ്സിറ്റികൾ സ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി






OMEGA
BOUTIQUE
DRESS DESIGNING & STITCHING



സ്ത്രീകളുടേയും കുട്ടികളുടേയും ഇഷ്ടാനുസരണം വസ്ത്രങ്ങൾ മികച്ച രീതിയിൽ
ഡിസൈൻ ചെയ്യുകയും കൃത്യനിഷ്ഠയോടെ തയ്ച്ചു കൊടുക്കുകയും ചെയ്യുന്നു
ലേഡീസ് റെഡിമെയ്ഡ് വസ്ത്രങ്ങളുടേയും പുതുപുത്തൻ മോഡലുകളുടേയും
കമനീയ ശേഖരം വളരെ കുറഞ്ഞ നിരക്കിൽ

ബാങ്ക് ഓഫ് ബറോഡയ്ക്ക് സമീപം, ശാന്തിഗിരി പി.ഒ., പൂലന്തറ,
പോത്തൻകോട്, തിരുവനന്തപുരം - 695589
ഫോൺ : 9746969755

MARUTI SUZUKI ARENA

SOUTH PARK



SOUTHPARK MARUTI
N.H. Bypass Road, Chackai, Anayara P.O.
Thiruvananthapuram 695029
Phone : 0471-3050000, Mob: 9544040001





Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala